പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
Vanross Junction, Kerala University P.O., Thiruvananthapuram – 695 034
Phone : 0471 – 2326603/04/05E-mail : pro.cpcr@gmail.com
10.05.2023

## ചാനൽ ചർച്ചയിൽ പെൺകുട്ടിക്കെതിരെ മോശം പരാമർശം അന്വേഷണത്തിനും നടപടിക്കും ബാലാവകാശ കമ്മീഷൻ നിർദ്ദേശം

2021 ഒക്ടോബർ 1ന് ഏഷ്യാനെറ്റ് ന്യൂസ് ചാനലിലെ രാത്രി 8 മണി ചർച്ചയിൽ പെൺകുട്ടിക്കെതിരെ മോശം പരാമർശനം നടത്തിയതുമായി ബന്ധപ്പെട്ട് ഏഷ്യാനെറ്റ് സീനിയർ ന്യൂസ് എഡിറ്റർ വിനു വി. ജോൺ, മാധ്യമ പ്രവർത്തകൻ റോയ് മാത്യു എന്നിവർക്കെതിരെ വിശദമായ അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കാൻ ബാലാവകാശ കമ്മീഷൻ ഉത്തരവായി. മാധ്യമങ്ങളിൽ ഇത്തരം ശിശുവിരുദ്ധ പരാമർശങ്ങൾ വരാതിരിക്കാൻ മാധ്യമ പ്രവർത്തകർക്കും സാമൂഹ്യ മാധ്യമ പ്രവർത്തകർക്കും പോക്സോ നിയമം, ബാലനീതി നിയമം എന്നിവ സംബന്ധിച്ച് പരിശീലനം നൽകാനും സംസ്ഥാന പോലീസ് മാധാവിക്ക് നിർദ്ദേശം നൽകി. കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ്കുമാർ അംഗങ്ങളായ ശ്യാമളാദേവി പി.പി, ബബിത ബി.എന്നിവരുടെ ഫുൾബഞ്ചാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

ചാനൽ ചർച്ചയിലുടനീളം പരാതിക്കാരിയുടെ മകൾ പങ്കെടുത്ത പരിപാടിയുടെ വീഡിയോ കാണിക്കുകയും അതിൽ കുട്ടിയെ കുറിച്ച് വളരെ മോശം പരാമർശം നടത്തിയതായും കമ്മീഷൻ വിലയിരുത്തി. കുട്ടിയുടെ ചിത്രം കാണിക്കുകയും രക്ഷിതാവിന്റെ വിവരങ്ങൾ പറയുകയും മോശം പരാമർശങ്ങൾ നടത്തുന്ന തരത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്നത് ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം, വകുപ്പ് 23(1,2) പ്രകാരം കുറ്റകരമാണ്. പോക്സോ നിയമത്തിലെ കുറ്റകൃത്യങ്ങൾ ഒരു മാപ്പപേക്ഷയിൻമേൽ തീർപ്പാക്കാൻ സാധ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ പരാതിയിൽ കേസെടുക്കാതിരുന്ന പോലീസ് ഗുരുതര വീഴ്ചയാണ് വരുത്തിയിട്ടുള്ളത്.

പ്രവാസി മലയാളി ഫൗണ്ടേഷൻ എറണാകുളം ബോൾഗാട്ടി പാലസിൽ കുടുംബസംഗമം നടത്തിയ പരിപാടിയിൽ പരാതിക്കാരിയുടെ ഭർത്താവിനെ ആദരിച്ചിരുന്നു. ഭർത്താവിന്റെ ജന്മദിനം കൂടി ആഘോഷിക്കുന്നതിന്റ ഭാഗമായി മകൾ കേക്ക് മുറിക്കുകയുണ്ടായി. ഫൗണ്ടേഷൻ ഭാരവാഹി മോൻസൻ മാവുങ്കലിന്റെ സ്റ്റേജിലെ സാന്നിധ്യം ചൂണ്ടിക്കാട്ടി 2021 ഒക്ടോബർ 1ന് ഏഷ്യാനെറ്റ് ന്യൂസ് രാത്രി ചർച്ചയിൽ ചടങ്ങിന്റെ ദൃശ്യങ്ങൾ കാണിച്ചിരുന്നു. മകളുടെ പിറന്നാൾ ആണ് എന്ന് ചാനൽ

പ്രചരിപ്പിക്കുകയും ഭർത്താവിന് മോൻസൻ മാവുങ്കലുമായി ബന്ധമുണ്ടെന്ന് വരുത്താൻ ശ്രമിക്കുകയും ചെയ്തു. ചാനൽ ചർച്ചയിൽ പങ്കെടുത്ത മാധ്യമ പ്രവർത്തകൻ റോയ് മാത്യു കുട്ടിയുടെ പിതൃത്വം ചോദ്യം ചെയ്തു. ലോകം മുഴുവനുമുള്ള പ്രേക്ഷകർക്ക് മുമ്പിൽ പരാതിക്കാരിയെയും മകളെയും മോശക്കാരിയായി ചിത്രീകരിച്ചു. കുട്ടിയുടെ പിതൃത്വം സംശയകരമായി തോന്നുന്നു എന്ന പ്രസ്താവനയെ വാർത്ത അവതാരകൻ പിന്തുണക്കുക കൂടി ചെയ്തത് കുട്ടിയെ അപമാനിക്കുന്നതാണെന്ന് കാണിച്ച് പോലീസിൽ പരാതി നൽകിയെങ്കിലും കേസെടുക്കാൻ തയ്യാറായില്ല എന്നും മറ്റുമുള്ള പരാതി പരിഗണിച്ചാണ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചത്.

പബ്ളിക് റിലേഷൻസ് ഓഫീസർ

,